നമ്പർ എം.റ്റി(4)2834/12

സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്
തിരുവനന്തപുരം തീയതി 9-3-2012
website : www.cooperation.kerala.gov.in
e-mail : keralarcs@coop.kerala.gov.in

സർക്കുലർ നമ്പർ : 4/12

വിഷയം : സഹകരണ വകുപ്പ് – സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയുള്ള സഹകരണ സ്ഥാപനങ്ങൾക്ക് മറ്റ് ജില്ലകളിൽ ഉള്ള സംഘത്തിന്റെ ശാഖകളിൽ പരിശോധന നടത്തുന്നത് –നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്–സംബന്ധിച്ച്

സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയുള്ള പല സഹകരണ സ്ഥാപനങ്ങളുടെയും ശാഖകൾ വിവിധ ജില്ലകളിൽ സഹകരണ സംഘം രജിസ്ട്രാറുടെ അനുമതിയോടുകൂടി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ അത്തരം സംഘങ്ങളുടെയെല്ലാം ആസ്ഥാനം മറ്റൊരു ജില്ലയിൽ ആയതിനാൽ മറ്റ് ജില്ലകളിൽ പ്രവർത്തിക്കുന്ന ടി ശാഖകളിലൊന്നും തന്നെ സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ പലപ്പോഴും പരിശോധനകൾ നടത്തില്ല. ഇത് പലപ്പോഴും സംഘത്തെക്കുറിച്ചുള്ള ശരിയായ പ്രവർത്തനം വിലയിരുത്തുന്നതിന് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. ആയതിനാൽ മറ്റ് ജില്ലകൾ ആസ്ഥാനമായുള്ള വിവിധ സഹകരണ സ്ഥാപനങ്ങളുടെ ശാഖകൾ/സബ് ഓഫീസുകൾ പ്രവർത്തിക്കുന്ന ജില്ലകളിലെ ടി ശാഖകളുടെയും സബ് ഓഫീയുകളുടെയും പ്രവർത്തനം പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനും പ്രസ്തുത ശാഖ സ്ഥിതി ചെയ്യുന്ന അതാത് ജില്ലാ ജോയിന്റ് രജിസ്ട്രാർമാരെ ചുമതലപ്പെടുത്തുന്നു. ജോയിന്റ് രജിസ്ട്രാർ ടി ശാഖകളിൽ നേരിട്ടോ ടിയാന്റെ നിയന്ത്രണത്തിലുള്ള വകുപ്പ് ഉദ്യോഗസ്ഥർ മുഖേനയോ പരിശോധന നടത്തേണ്ടതും പരിശോധന റിപ്പോർട്ട് സഹകരണ സംഘം രജിസ്ട്രാർക്കും ബന്ധപ്പെട്ട സ്ഥാപനത്തിന്റെ ഹെഡ് ഓഫീസിനും നൽകേണ്ടതുമാണ്. എല്ലാ ജോയിന്റ് രജിസ്ട്രാർമാരും തങ്ങളുടെ ജില്ലയിൽ പ്രവർത്തിക്കുന്ന എല്ലാ ശാഖകളുടെയും പ്രവർത്തനം യഥാസമയം/ഇടയ്ക്കിടെ വിലയിരുത്തേണ്ടതും, ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് നിർദ്ദേശിക്കുന്നു.

സർക്കുലർ നിർദ്ദേശം, അതാത് ജോയിന്റ് രജിസ്ട്രാർമാർ എല്ലാ വകുപ്പ് ഉദ്യോഗസ്ഥരുടെയും ശ്രദ്ധയിൽ പ്പെടുത്തേണ്ടതാണ്.

ഒപ്പ്
കെ.വി.സുരേഷ് ബാബു
സഹകരണ സംഘം രജിസ്ട്രാർടെ ചാർജ്
വഹിക്കുന്ന അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)

1. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
2. എല്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും
3. അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്)
{ജോയിന്റ് രജിസ്ട്രാർ (ജനറൽ)/(ആഡിറ്റ്) മുഖേന}
4. എഡിറ്റർ, സഹകരണ വീഥി
5. എഡിറ്റർ, സഹകരണ ജേർണൽ
6. ഈ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും
7. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ
8. രജിസ്ട്രാറുടെ/ അഡീഷണൽ രജിസ്ട്രാറുടെ മേശപ്പുറത്ത്
9. വെബ്സൈറ്റ്
10. സ്റ്റോക്ക് ഫയൽ
11. സ്പെയർ

അംഗീകാരത്തോടെ

അസിസ്റ്റന്റ് രജിസ്ട്രാർ (എച്ച്.വി/എം.റ്റി)